2005-06 സാമ്പത്തിക വർഷം പരസ്യ ഏജൻസികൾക്ക് നൽകിയ തുക

61 [739] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ എത്ര പരസ്യ ഏജൻസികൾ നിലവിലുണ്ട് ;

(ബി) ഓരോ പരസ്യ ഏജൻസിക്കും ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വീതം നൽകിയിട്ടുണ്ട് ;

(സി) കഴിഞ്ഞ രണ്ട് വർഷമായി എത്ര അന്താരാഷ്ട്ര ടൂറിസം ഫെയറുകളിൽ കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട് ;

(ഡി) ഏത് ഏജൻസിയാണ് ഇത് സംഘടിപ്പിച്ചത് ; ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണ് ; നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിലെ പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ മൂന്ന് പരസ്യ ഏജൻസികൾ നിലവിലുണ്ട്.

(ബി) സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് (തിരുവനന്തപുരം), ക്രയോൺസ് (ന്യൂഡൽഹി), നെറ്റ് മാർക്കറ്റിംഗ് ചെയ്യുന്നതിനുവേണ്ടി മാത്രം ഗ്രേവേൾഡ് വൈഡ് (ബാംഗ്ലൂർ) എന്നീ മൂന്ന് ഏജൻസികളാണ് നിലവിലുള്ളത്. ഇതിൽ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് തിരുവനന്തപുരം എന്ന ഏജൻസി വഴി ഇതുവരെ 9 കോടി 76 ലക്ഷം രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്. ക്രയോൺസ് ന്യൂഡൽഹി എന്ന ഏജൻസി വഴി 67 ലക്ഷം രൂപയുടെ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്. കൂടാതെ നെറ്റ് മാർക്കറ്റിംഗ് ഏജൻസിയായ ഗ്രേവേൾഡ് വൈഡ് ബാംഗ്ലൂരിന് 50 ലക്ഷം രൂപയുടെ പരസ്യം പ്രസിദ്ധീകരിക്കുന്ന ജോലി നൽകിയിട്ടുണ്ട്. ബില്ല് നൽകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

(സി & ഡി) കഴിഞ്ഞ രണ്ട് വർഷമായി ടൂറിസം വകുപ്പ് പങ്കെടുത്ത അന്താരാഷ്ട്ര ഫെയറുകളുടെ വിശദവിവരങ്ങൾ പ്രത്യേക പട്ടികയായി ചേർത്തിരിക്കുന്നു. †

സ്വകാര്യമേഖലയിലെ വിനോദ സഞ്ചാര വികസനത്തിന് സർക്കാർ പ്രോത്സാഹനം

62 [740] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ വിനോദ സഞ്ചാര വികസനത്തിനു വേണ്ടി സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly